(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മറുപടി താമസിപ്പിക്കാൻ ഇടയാകുന്നവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ)-(സി) പട്ടികജാതിക്കാരിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരെ പട്ടികജാതിക്കാരായി പരിഗണിക്കണമെന്ന ആവശ്യത്തിന്മേൽ 1996-ൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരുകളുടെ നിലപാട് ആരാഞ്ഞിരുന്നു. ഇക്കാര്യം പഠിച്ച് തീരുമാനമെടുക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ടിരുന്നു. അന്നത്തെ കേന്ദ്രഗവൺമെന്റ് രാജി വയ്ക്കുകയാൽ പിന്നീട് കേന്ദ്ര ഗവൺമെന്റിൽനിന്നും ഇക്കാര്യത്തിൽ നടപടിയൊന്നും ഉണ്ടായിട്ടില്ല. ക്രിസ്തു മതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടു ത്തുന്നതിനെ അനുകൂലിച്ചും എതിർത്തും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദന ങ്ങൾകൂടി കണക്കിലെടുത്ത് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

റോയൽ ഫാമിലിയുടെ വാർഷിക പെൻഷൻ

19 (674) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ കോവിലകം ഭരണസമിതി പ്രസിഡന്റ് ശ്രീ. കെ. ഗോദവർമ്മ രാജ റോയൽ ഫാമിലി അംഗങ്ങൾക്കുള്ള വാർഷിക പെൻഷൻ കൂട്ടണമെന്ന് കാണിച്ച് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാ ക്കുമോ;

(സി) റോയൽ ഫാമിലിയുടെ വാർഷിക പെൻഷൻ ഉയർത്തി നൽകു ന്നതിന് ഉള്ള ഉത്തരവ് എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ നിവേദനം സർക്കാർ വിശദമായി പരിശോധിച്ചുവരു കയാണ്.

മുല്ലപ്പെരിയാർ ജലസംഭരണിയുടെ പാട്ടത്തുക

20 (675) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28.5.2000-ൽ കാലാവധി കഴിഞ്ഞ മുല്ലപ്പെരിയാർ ജലസംഭരണി യുടെ പാട്ടത്തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ടോ;

(സി) പുതിയ പാട്ടത്തുക തീരുമാനിക്കാതിരുന്നാൽ അത് കരാർ ലംഘനമാണെന്നും കരാർ ലംഘനമുണ്ടായാൽ കരാർ റദ്ദാക്കപ്പെടുമെന്നും കാണിച്ച് തമിഴ്നാടിന് നോട്ടീസ് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly